# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **06.11.2021** മുതൽ **10.11.2021** വരെ)

## കാസറഗോഡ് ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/ കെ.എസ്.ഡി.89/2021 | തീയ്യതി: 05/11/2021 |
|---|---|

എ. പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 7.6 | 31.0 – 32.0 | 23.5 – 24.5 | 66 – 96 | 03 – 06 |

ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 06-11-2021 | 07-11-2021 | 08-11-2021 | 09-11-2021 | 10-11-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 8 | 11 | 15 | 7 |
| കൂടിയ താപനില, °C | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 94 | 94 | 94 | 94 | 94 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 87 | 87 | 87 | 87 | 87 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 6 | 5 | 4 | 3 | 3 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 200 | 200 | 230 | 230 | 50 |
| മേഘ വിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | **ഒറ്റപ്പെട്ട കനത്ത മഴ മഴ ലഭിക്കും** | | |
| | **ദിവസം- 1, 2, 3, 4ൽ ജില്ലയുടെ ചിലഭാഗങ്ങളിൽ കനത്ത മഴ (7 മുതൽ 11 സെ.മീ വരെ) ഉണ്ടായേക്കും.**<br><br>പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. ഉയർന്ന അന്തരീക്ഷ ആർദ്രതയും അനുഭവപ്പെടും<br><br>**വിസ്തൃത മഴ പ്രവചനം: അടുത്തയാഴ്ചയിൽ ശരാശരിമഴയുണ്ടാകും.** | | |

आजादी का अमृत महोत्सव

| | | | |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | കൃഷിയിടങ്ങളിൽ പരമാവധി നീർവാർച്ച ഉറപ്പു വരുത്തുക.<br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വാഴ പച്ചക്കറികൾ എന്നിവ താങ്ങുകൾ നല്കി സംരക്ഷിക്കുക.<br>കന്നുകാലികളെ തുറന്ന സ്ഥലത്ത് കെട്ടിയിടുകയോ മേയാൻ അനുവദിക്കുകയോ ചെയ്യരുത്. അവയെ ശക്തി കുറഞ്ഞ മേൽ കൂരകൾക്കടിയിൽ പാർപ്പിക്കരുത്<br>കൃഷിയിടങ്ങളിൽ ജോലി ചെയ്യുന്നവർ ഇടിമിന്നലിനെ ശ്രദ്ധിക്കുക. മരത്തണലിലോ ബലക്ഷയം വന്ന കെട്ടിടങ്ങളിലോ വിശ്രമിക്കരുത്<br>**മഴ ശമിക്കുമ്പോൾ വിളകളുടെ ചുവട്ടിലെ മണ്ണ് ലഘുവായി കിളക്കുന്നത് വേരിനു വായു ലഭിക്കുന്നതിന് സഹായകരമാകും** | | |
| **മഴ ശമിക്കുമ്പോൾ ഉണ്ടാകുന്ന വർധിത ആർദ്രതയും ഊഷ്മാവും വിളകളിൽ താഴെ പറയുന്ന പൂപ്പൽ രോഗങ്ങങ്ങൾ അധികരിക്കാൻ ഇടവരുത്തും. ജാഗ്രത പുലർത്തുക.** | | | |
| പച്ചക്കറികൾ | തൈകൾ | കാബേജ്, കോളിഫ്ലവർ ആദിയായ ശീതകാല പച്ചക്കറികൾ നടാൻ അനുയോജ്യമായ സമയമാണ്.<br>**നല്ല നീർവാർച്ചയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുക. അല്ലാത്തപക്ഷം നല്ല നീർവാർച്ച നല്കാൻ കഴിയണം. വിത്തുകള് / തൈകൾ ഉയർത്തിയ വരമ്പുകളിലോ കൂനകളിലോ നടുക.**<br>മണ്ണിൽ, സെന്റ് ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക. ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ അര മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും. | |
| തെങ്ങ്/ കവുങ്ങ് /ഫല വൃക്ഷങ്ങൾ | തൈകൾ | **കുഴികൾക്കു ചുറ്റും വരമ്പ് തീർത്തു മഴവെള്ളം ഒലിച്ചിറങ്ങാതെ സംരക്ഷിക്കുക.** തടങ്ങളിൽ കെട്ടി നിൽക്കുന്ന വെള്ളം ഇടയ്ക്കിടെ മാറ്റി മണ്ണ് ഇളക്കി വായു സഞ്ചാരം ഉറപ്പാക്കുക. | |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. 1 % വീര്യമുള്ള ബോർഡോ മിശ്രിതം (40 ലിറ്റർ വീതം) 2 മീറ്റർ ചുറ്റളവിൽ തെങ്ങിൻ തടത്തിൽ ഒഴിച്ച് കൊടുക്കുക.അല്ലെങ്കിൽ ഹെക്സകൊണാസോൾ/ കോൺടാഫ് 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കൊഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് 500 ഗ്രാം വീതം സൂക്ഷ്മ മൂലക മിശ്രിതം, എന്നിവ തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക.<br>രോഗം സ്ഥിരമായി കാണുന്ന ഇടങ്ങളിൽ കുമിൾ നാശിനി തടത്തിൽ കുതിർക്കുന്നത് 4 മാസ ഇടവേളകളിൽ ആവർത്തിക്കുക. |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ഇല ചീയൽ  | 1% ബോർഡോ മിശ്രിതമോ 0.03% കോപ്പർ ഓക്സി ക്ലോറൈഡോ തളിക്കുക. കൂടാതെ മഞ്ഞളിപ്പ് രോഗത്തിന് പറഞ്ഞ പ്രതിവിധികൾ നിർബന്ധമായും അവലംബിക്കുക. |
| വാഴ | വിവിധ ഘട്ടം | കടചീച്ചൽ  | ഒരു ലിറ്റർ വെള്ളത്തിൽ ഒരു ഗ്രാം വീതം ബാവിസ്റ്റിൻ കലർത്തിയ ലായനി തടത്തിലെ മണ്ണിൽ കുതിർക്കുക.<br>കൂടാതെ 25 മുതൽ 50 ഗ്രാം വരെ ബ്ലീച്ചിങ് പൌഡർ അടങ്ങിയ ചെറു തുണിക്കിഴികൾ വാഴത്തടങ്ങളിൽ നിക്ഷേപിക്കുക. |
| മാവ് | വിവിധ ഘട്ടം | കറ ചാട്ടവും വട്ടവും  | കറ ചാട്ടമുള്ള ഭാഗത്തിൽ ബോഡോകുഴമ്പു പുരട്ടുക. തടത്തിൽ ഹെക്സകൊണസോൾ (@ 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) കുതിർക്കുക. |
| മഞ്ഞൾ | വിവിധ ഘട്ടം | ഇല കരച്ചിൽ  | ഗുരുതരമായി ബാധിച്ച ഇലകൾ മുറിച്ചുമാറ്റി തീയിലിടുക.<br>ചെടികളിൽ കോപ്പർ ഓക്സിക്ലോറൈഡ് 2 ഗ്രം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| പാവയ്ക്ക | വളർച്ചാ ഘട്ടം | ബാക്റ്റീരിയൽ വിൽറ്റ്  | കൃഷിയിടം വൃത്തിയായി സൂക്ഷിക്കുക. സ്ട്രെപ്റ്റോസൈക്ലിൻ ഗുളിക ഒരെണ്ണം 2ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തളിച്ച് കൊടുക്കുക. |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ  | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |

ഒപ്പ്/-

നോഡൽ ഓഫീസർ

ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി